ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

ഇ-മെയിൽ: pd.lsgd@kerala.gov.in


നമ്പർ: LSGD/PD/12858/2025-GEA3 തീയതി: 30-06-2025

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.- പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം- മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ സീനിയർ ക്ലർക്ക് ശ്രീമതി.ലക്ഷ്മി.എസ്-ന്റെ സീനിയർ ക്ലർക്ക് സീനിയോരിറ്റി പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 13.05.2025 ലെ LSGD/JD/TVM/4360/2025-D4 കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.01.2025-ലെ LSGD/PD/41545-നമ്പർ നോട്ടീസ്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.03.2025-ലെ LSGD/PD/41545-നമ്പർ അന്തിമ ഉത്തരവ്.
4 15.03.2019-ലെ സ.ഉ.(സാധാ)നം.631/2019/തസ്വഭവ ഉത്തരവ്.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ലക്ഷ്മി.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 30.07.2009 തീയതിയിൽ നിയമനം ലഭിച്ചാണ് സേവനത്തിൽ പ്രവേശിച്ചത്. സൂചന(2) പ്രകാരം പ്രസിദ്ധീകരിച്ച മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ സീനിയർ ക്ലർക്കുമാരുടെ കരട് സീനിയോറിറ്റി പട്ടികയിൽ ശ്രീമതി.ലക്ഷ്മി.എസ്-നെ 19.06.2015 ന് സീനിയർ ക്ലർക്ക് ഉദ്യോഗക്കയറ്റം ലഭിച്ചവരോട് ഒപ്പം ക്രമനം.135 ആയാണ് ക്രമീകരിച്ചിരുന്നത്. എന്നാൽ 29.01.2013 മുതൽ 14.12.2015 വരെയുള്ള കാലയളവിൽ ശ്രീമതി.ലക്ഷ്മി.എസ് ശൂന്യവേതനാവധിയിലായിരുന്നു എന്നതിനാൽ 14.12.2015 ന് ശേഷമാണ് ഉദ്യോഗക്കയറ്റത്തിന് അർഹത എന്ന നിലയിൽ അന്തിമ സീനിയോറിറ്റി പട്ടികയിൽ ടിയാളുടെ സ്ഥാനം ക്രമ നം.162 ആയി ക്രമപ്പെടുത്തിയിരുന്നു. എന്നാൽ 18.06.2015 മുതൽ 14.12.2015 വരെയുള്ള കാലയളവിൽ താൻ പ്രസവാവധിയിലായിരുന്നു എന്നും കരട് പട്ടികയിലെ സ്ഥാനക്രമത്തിൽ മാറ്റം വരുത്തിയതിൽ തന്നെ നേരിൽ കേട്ടിരുന്നില്ല എന്നും തന്നെക്കാൾ ജൂനിയർ ആയവർ സീനിയോറിറ്റിയിൽ മുന്നിൽ വന്നിട്ടുള്ളതിനാൽ അർഹമായ സ്ഥാനം അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് സൂചന (1) പ്രകാരം ശ്രീമതി.ലക്ഷ്മി.എസ് അപേക്ഷ സമർപ്പിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയെ നേരിൽ കേൾക്കുകയും ടിയാൾക്ക് ശൂന്യവേതനാവധി അനുവദിച്ചുകൊണ്ടുള്ള സൂചന (4) സർക്കാർ ഉത്തരവും അനുബന്ധരേഖകളും പരിശോധിക്കുകയും ചെയ്തു. സൂചന (4) പ്രകാരം 29.01.2013 മുതൽ 22.01.2015 വരെയുള്ള കാലയളവ് ഇൻക്രിമെൻറ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുകയില്ല എന്ന വ്യവസ്ഥയിലും 23.01.2015 മുതൽ 16.06.2015 വരെയുള്ള കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിക്കില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും ശൂന്യവേതാനാവധി അനുവദിച്ചും 18.06.2015 മുതൽ 14.12.2012 വരെയുള്ള കാലയളവിൽ പ്രസവാവധി അനുവദിക്കുന്നതിന്

നിയന്ത്രണാധികാരിയ്ക്ക് നിർദ്ദേശം നൽകിയുമാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. ആയത് പ്രകാരം ശ്രീമതി.ലക്ഷ്മി.എസ്-ന് 18.06.2015 മുതൽ 14.12.2012 വരെയുള്ള കാലയളവിൽ പ്രസവാവധി അനുവദിച്ചിട്ടുള്ളതുമാണ്. ശ്രീമതിലക്ഷ്മി.എസ്-ന്റെ ക്ലർക്ക് തസ്തികയിലെ നിരീക്ഷണ കാലം 04.11.2011 പൂർവ്വാഹ്നത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും വകുപ്പ് തല പരീക്ഷകൾ 01/2011 ൽ വിജയിച്ചിട്ടുള്ളതുമാണ്. 19.06.2015 ലെ ഉദ്യോഗക്കയറ്റത്തിൽ ശ്രീമതി.ലക്ഷ്മിയുടെ ജൂനിയർ ആയവർക്ക് ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ അതേ തീയതിയിൽ ഉദ്യോഗക്കയറ്റവും സീനിയോറിറ്റിയും ലഭിക്കുന്നതിന് ശ്രീമതി.ലക്ഷ്മി.എസ്-ന് അർഹതയുണ്ട്. മേൽ സാഹചര്യത്തിൽ സൂചന (3) സീനിയോരിറ്റി പട്ടികയിൽ ക്രമനം.131 ശ്രീ.സിനു.പി.ആറിനും ക്രമനം.132.ശ്രീമതി.ജയ.സി.എ-യ്ക്കും ഇടയിൽ ക്രമ നം.131 A ആയി ശ്രീമതി.ലക്ഷ്മി.എസ്-നെ ഉദ്യോഗക്കയറ്റ തിയതിയിൽ മാറ്റം വരുത്താതെ ഉൾപ്പെടുത്തുന്നതിനും നിലവിൽ ടിയാൾ ഉൾപ്പെട്ട ക്രമനം.162 ൽ നിന്നും ടിയാളുടെ വിവരങ്ങൾ ഒഴിവാക്കി ക്രമ നം.162 DELETED എന്ന് രേഖപ്പെടുത്തുന്നതിനും താത്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത താത്ക്കാലിക തീരുമാനത്തിൽ ആക്ഷേപം ഉള്ള ജീവനക്കാർ ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം തങ്ങളുടെ ആക്ഷേപം ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ഉചിതമാർഗ്ഗേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടി കാലയളവിനുള്ളിൽ ആക്ഷേപങ്ങൾ ഒന്നും ലഭിക്കാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

Prasannakumar V D
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി,

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീമതി.ലക്ഷ്മി.എസ്(ജില്ലാ ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. സീനിയർ സൂപ്രണ്ട്, IE സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ/അധികം.

**Signed by Prasannakumar. V. D**
**Date: 30-06-2025 13:36:38**